# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1076.**      **01.03.2017 ന് മറുപടിയ്ക്ക്**

## മദ്യത്തിന്റെ നിർവചനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | കള്ള്, ബിയർ, വൈൻ എന്നിവയെ മദ്യത്തിന്റെ നിർവചനത്തിൽ നിന്നും ഒഴിവാക്കുവാൻ സുപ്രീംകോടതിയിൽ ആവശ്യപ്പെടാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ; | (എ) ഉം (ബി) ഉം | സംസ്ഥാന സർക്കാർ അനുവദിക്കുന്ന എഫ്.എൽ ലൈസൻസുകളിൽ ഏതൊക്കെ വിഭാഗം ലൈസൻസുകൾ സുപ്രീംകോടതിയുടെ വിധിയുടെ പരിധിയിൽ ഉൾപ്പെടും എന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം സുപ്രീംകോടതി വിധിയിൽ വ്യക്തത ആവശ്യപ്പെട്ട് സ്റ്റാന്റിംഗ് കൗൺസിൽ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. സ്റ്റാന്റിംഗ് കൗൺസിൽ സ്വന്തം നിലയ്ക്ക് തയ്യാറാക്കി ഫയൽ ചെയ്ത പ്രസ്തുത ഹർജിയിൽ സർക്കാർ വ്യക്തത വരുത്തുവാൻ ഉദ്ദേശിച്ച എഫ്.എൽ ലൈസൻസുകളുടെ കാര്യം പരാമർശിച്ചിരുന്നില്ല. അതേസമയം മദ്യത്തിന്റെ നിർവ്വചനവുമായി ബന്ധപ്പെട്ട ആവശ്യം ഹർജിയിൽ ഉൾപ്പെടുകയും ചെയ്തു. ഹർജിയിൽ വസ്തുതാപരമായ പിശക് സംഭവിച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് ടി ഹർജി പിൻവലിക്കുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ അറ്റോർണി ജനറലിന്റെ അഭിപ്രായം ആരായുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ ആവശ്യം ഉന്നയിച്ചത് സർക്കാരിന്റെ അറിവോടുകൂടി യാണോ എന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**